# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 12 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

## ദുരന്തങ്ങൾ നേരിടാൻ പരിശീലനം

തീർഥാടന കാലം ഏറ്റവും സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ സന്നിധാനത്ത് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക്, ദുരന്തങ്ങൾ നേരിടുന്നത് സംബന്ധിച്ച് പ്രായോഗിക പരിശീലനം നൽകി. അഗ്നിശമനസേനയുടെ നേതൃത്വത്തിലാണ് പരിശീലനം സംഘടിപ്പിച്ചത്.

സന്നിധാനത്ത് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാരെ ദുരന്തങ്ങൾ നേരിടുന്നതിൽ സജ്ജമാക്കുന്നതിനാണ് പരിശീലനമെന്ന് സ്പെഷ്യൽ ഓഫീസർ അരുൺ ഭാസ്കർ പറഞ്ഞു. ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടന്ന പരിശീലന പരിപാടിയിൽ ദേവസ്വം ബോർഡ് അംഗം കെ.എസ് രവി, എക്സിക്യൂട്ടിവ് ഓഫീസർ വി.എസ് രാജേന്ദ്രപ്രസാദ് തുടങ്ങിയവർ എന്നിവർ പങ്കെടുത്തു.

(പി.ആർ. ശബരി-160)

## സന്നിധാനത്തെ തണൽമരങ്ങൾ

സന്നിധാനത്തെ വൻമരങ്ങൾ ഭക്തർക്ക് തണലാകുന്നു. ദർശനം കിട്ടാൻ കാ

ത്തിരിക്കുന്ന ഭക്തർക്കും ദർശനം കഴിഞ്ഞു വരുന്ന ഭക്തർക്കും വൃക്ഷഛായ കൾ ആശ്വാസം പകരുന്നുണ്ട്.

വാവരുനടയ്ക്കും ഭണ്ഡാരത്തിനുമിടയിൽ നിൽക്കുന്ന മഴമരങ്ങളാണ് പ്രധാനമായും ഭക്തർക്ക് തണൽ വിരിക്കുന്നത്. പിങ്ക് നിറ ത്തിലുള്ള പൂക്കളുണ്ടാകുന്ന മരത്തിന് മഹാമരമെന്നും പണിവാകയെന്നും വിളിപ്പേരുണ്ട്. സമനിയ സമാൻ എന്നാണ് ശാസ്ത്രീയനാമം. നൂറടിയിലേറെ പൊക്കത്തിൽ വളരുന്ന മരമാണിത്. മഴ സമയങ്ങളിലും രാത്രികാലത്തും ഇല കൾ കൂമ്പുന്ന മരം ഹരിവരാസനം കേട്ട് ഉറങ്ങുന്നുവെന്നും വിശ്വാസമുണ്ട്. പതിനെട്ടാം പടിക്കടുത്ത് ഇരട്ടത്തടിയായി വളർന്ന ആൽമരം ഇത്തവണ ഹ രിതാഭമായി നിൽക്കുന്നുണ്ട്. വാവര് നടയ്ക്കടുത്ത് വച്ചുപിടിപ്പിച്ച അരയാലി ന്റേയും പേരാലിന്റേയും തൈകളുമുണ്ട്, ഭക്തർക്ക് നാളത്തേക്ക് തണലാ കാൻ.

സന്നിധാനത്തെ മരങ്ങളിൽ അണ്ണാൻതൊണ്ടി ഇലകൾ മരത്തിന് കവചമാ യി നിൽക്കുന്നുണ്ട്. മരത്തിന് ചുറ്റും തറ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ഭക്തർക്ക് വിശ്രമിക്കാൻ ഇത് കൂടുതൽ സൗകര്യം നൽകുന്നു. സ്റ്റാഫ്ഗേറ്റിലൂടെ സ ന്നിധാനത്ത് കയറുന്നതിന് അടുത്തുള്ള എൻ.ഡി.ആർ.എഫിന്റെ വാച്ച്ടവറി ന്റെ സമീത്താണ് ചെറിയ ചെമ്പകമരമുള്ളത്. മാളികപ്പുറത്തെത്തുന്ന ഭ ക്തർക്ക് കുളിര് നൽകാൻ വേറെയും മരങ്ങളുണ്ട്.

(പി.ആർ. ശബരി–161)

## മൃഗങ്ങളിൽനിന്ന് അകലം പാലിക്കണം

സന്നിധാനത്തും പരിസരത്തും അലഞ്ഞ് തിരിഞ്ഞുനടക്കുന്ന കാട്ടുപന്നിക ളിൽനിന്നും മൃഗങ്ങളിൽനിന്ന് അയ്യപ്പഭക്തൻമാർ അകലം പാലിക്കണമെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. പെൺപന്നികൾ കടിയ്ക്കുകയും ആൺപന്നികൾ തേറ്റകൊണ്ട് ആക്രമിക്കുകയും ചെയ്യാനിടയുണ്ട്. ഇതൊഴി വാക്കാൻ മൃഗങ്ങളിൽനിന്ന് മൂന്നുമീറ്റർവരെ അകലം പാലിക്കണമെന്നും അ ധികൃതർ അറിയിച്ചു.

(പി.ആർ. ശബരി–162)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 12 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

# ഉടുക്കിൽ പാണ്ടിമേളവുമായി തൃശൂർ സംഘം

മച്ചാട് സുബ്രഹ്മണ്യനും സംഘവും സന്നിധാനം ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ അവതരിപ്പിച്ച ഉടുക്കിൽ പാണ്ടി മേളം ഭക്തർക്ക് ഹൃദ്യമായ അനുഭവമായി. ചെണ്ട ഉപയോഗിച്ച് അവതരിപ്പിക്കുന്ന പാണ്ടിമേളം ഉടുക്കിൽ ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്നതാണ് ഉടുക്കിൽ പാണ്ടിമേളം. കൊമ്പും  കുഴലും ഇലത്താളവും മേളം കൊഴുപ്പിച്ചു.  തൃശൂർ ഇലഞ്ഞിത്തറമേളത്തിലെ സ്ഥിരം സാന്നിധ്യമായ കലാകാരൻമാരാണ് സുബ്രഹ്മണ്യന് അകമ്പടിയായി എത്തിയത്.

പരമശിവന്റെ ഡമരുവാണ് ഉടുക്ക്. ശാസ്താംപാട്ടിന് ഉടുക്കുകൊട്ടി പാടുക എന്നതാണ് പതിവ്. കഴിഞ്ഞ അമ്പത് കൊല്ലമായി ശാസ്താംപാട്ട് അവതരിപ്പിക്കുന്ന കലാകാരനാണ് സുബ്രഹ്മണ്യൻ.  ഉടുക്കിൽ പാണ്ടിമേളം ചിട്ടപ്പെടുത്തി അവതരിപ്പിക്കാൻ തുടങ്ങിയിട്ട്  പത്ത് വർഷമായി. തൃശൂർ മച്ചാട് ഗുരുസ്മരണ വാദ്യകലാലയത്തിലെ കലാകാരൻമാരാണ് ഇവർ.

(പി.ആർ. ശബരി-163)

# ശബരിമലയിൽ മണ്ഡലപൂജ ഡിസംബർ 27 ന്

## *മണ്ഡലപൂജ കഴിഞ്ഞ് 27 ന് രാത്രി ക്ഷേത്രനട അടയ്ക്കും മകരവിളക്ക് ഉത്സവത്തിനായി 30 ന് വൈകുന്നേരം 5 ന് നടതുറക്കും*

ശബരിമല അയ്യപ്പസന്നിധിയിലെ ഈ വർഷത്തെ മണ്ഡലപൂജ ഡിസംബർ 27ന് നടക്കും. 27 ന് രാവിലെ മൂന്നിന് നടതുറക്കും. 3.15 മുതൽ 9.30 വരെ മാത്രമെ അന്ന് നെയ്യഭിഷേകം ഉണ്ടായിരിക്കുകയുള്ളൂ. രാവിലെ 10 നും 11.40 നും ഇടയ്ക്കുള്ള കുംഭം രാശിയിൽ തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കും. വൈകുന്നേരം 6.30ന് ദീപാരാധന. രാത്രി 9.30 ന് അത്താഴപൂജ.10.50ന് ഹരിവരാസനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും. ഡിസംബർ 26 ന് വൈകുന്നേരം തങ്ക അങ്കി ഘോഷയാത്ര ശബരിമല സന്നിധാനത്ത് എത്തിച്ചേരും. ശരംകുത്തിയിൽ വച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ തങ്ക അങ്കി ഘോഷയാത്രയെ സ്വീകരിച്ച് ആനയിയ്ക്കും. തുടർന്ന് അങ്കി ചാർത്തിയുള്ള ദീപാരാധന നടക്കും. ഡിസംബർ
26 ന് സൂര്യഗ്രഹണം ആയതിനാൽ രാവിലെ 7.30 മുതൽ 11.30 വരെ ക്ഷേത്ര നട അടച്ചിടും.തുടർന്ന് ശുദ്ധികലശവും പുണ്യാഹവും നടത്തിയ ശേഷമേ ക്ഷേത്രനട ദർശനത്തിനായി തുറന്നുകൊടുക്കൂ. മണ്ഡല-മകരവിളക്ക് ഉത്സവത്തിനായി നട തുറന്ന് 27 ദിവസം പിന്നിടുമ്പോൾ വൻ ഭക്തജന തിരക്കാണ് ശബരിമലയിൽ അനുഭവപ്പെടുന്നത്. മകരവിളക്ക് ഉൽസവത്തിനായി ഡിസംബർ 30 ന് വൈകുന്നേരം 5 മണിക്ക് ആണ് ക്ഷേത്രനട തുറക്കുക. 2020 ജനുവരി 15 നാണ് മകരവിളക്ക്.

# ശബരിമല നാളത്തെ (13.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.15 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.

4 മണിക്ക്  നട തുറക്കൽ
6.30ന്  ദീപാരാധന
7 മണിക്ക്  പുഷ്പാഭിഷേകം
9.30 ന്  അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി  11 മണിക്ക്  നട അടയ്ക്കും

